LIBRARY ARCHIVES Kerala Legislative Assembly

ജൈവപച്ചക്കറി ഉത്പാദനം

177 (3383) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പദ്ധതികളുടെ ഭാഗമായി നിലവിൽ എത്ര ടൺ ജൈവപച്ചക്കറി പ്രതിമാസം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ സഹായമില്ലാതെ വിവിധ കൂട്ടായ്മകൾ എത്ര ടൺ പച്ചക്കറി പ്രതിമാസം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കി ?

ഉത്തരം

(എ) സർക്കാർ പദ്ധതികളുടെ ഭാഗമായി പച്ചക്കറി വികസന പദ്ധതിയിലൂടെ നിലവിൽ ശരാശരി 11000 മെട്രിക് ടൺ ജൈവ പച്ചക്കറി പ്രതിമാസം ഉൽപാദിപ്പിക്കുന്നു.

കൂടാതെ വെജിറ്റബിൽ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായി ഏകദേശം 20000 ടൺ പച്ചക്കറി പ്രതിമാസം ഉൽപാദിപ്പിക്കുന്നു.

(ബി) സർക്കാർ സഹായമില്ലാതെ വിവിധ കർഷക കൂട്ടായ്മകൾ വഴി 71385 മെട്രിക് ടൺ പച്ചക്കറി പ്രതിമാസം ഉൽപാദിപ്പിക്കുന്നു.

കർഷകർക്ക് അഗ്രികാർഡ്

178 (3384) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് അഗ്രികാർഡ് നൽകുവാനുള്ള പദ്ധതിയിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) രജിസ്റ്റർ ചെയ്ത കർഷകർക്ക് അഗ്രികാർഡ് വിതരണം ചെയ്യുകയുണ്ടായോ;

(സി) അഗ്രികാർഡ് രജിസ്ട്രേഷനായി ഓരോ കർഷകനിൽ നിന്നും എത്ര രൂപ വീതം ഈടാക്കിയിട്ടുണ്ട്;

(ഡി) അഗ്രികാർഡുള്ള കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കർഷക രജിസ്ട്രേഷന്റെ രണ്ടാംഘട്ടത്തിനുവേണ്ടി അപേക്ഷകൾ സ്വീകരിക്കുന്നതിന് നിശ്ചയിച്ചിരുന്ന അവസാന തീയതിയായ 17-8-2013 (ചിങ്ങം1) വരെ 18.7 ലക്ഷം കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 10-12-2015 വരെ 17.58 ലക്ഷം കർഷകരുടെ ഓൺലൈൻ ഡാറ്റാ എൻട്രി പൂർത്തിയായിട്ടുണ്ട്. കർഷകരുടെ ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ തുടരുന്നു. 9-5-2014-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 854/2014/AD പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കാനറാ ബാങ്കിനെ തെരഞ്ഞെടുത്തു. കർഷക ഡേറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകർക്കും 2014-15 സാമ്പത്തിക വർഷത്തിലെ കർഷക ദിനമായ ചിങ്ങം 1-ന് മുമ്പ് അഗ്രികാർഡുകൾ വിതരണം ചെയ്യുവാനായി കാനറാ ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു. എങ്കിലും ഉദ്ഘാടന ദിവസമായ 4-3-2014-ന് 6 കർഷകർക്ക് മാത്രമേ അഗ്രികാർഡ് വിതരണം ചെയ്തിട്ടുള്ളൂ. അതിനുശേഷം കാനറാ ബാങ്ക് അഗ്രികാർഡ് വിതരണം ചെയ്തിട്ടില്ല. തുടർന്ന് 13-8-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1389/2015/കൃഷി പ്രകാരം അഗ്രി കാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കേരളാ ഗ്രാമീൺബാങ്കിനെ തെരഞ്ഞെടുത്തു. കേരളാ ഗ്രാമീൺ ബാങ്ക് മുഖേന 256 അഗ്രികാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) കർഷകർക്ക് തികച്ചും സൗജന്യമായാണ് അഗ്രികാർഡ് നൽകുന്നത്.

(ഡി) കാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാൻ പദ്ധതി വിഭാവന ചെയ്യുന്നു. കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (CropLoan)7 ശതമാനം പലിശ നിരക്കിൽ മദ്ധ്യാകാല-ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സർക്കാർ നൽകുന്നതാണ്.

കൃഷിഭവനുകളുടെ പ്രവർത്തനം

179 (3385) ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. എം. പി. വിൻസെന്റ്:

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;